# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2160

22.01.2014-ലെ മറുപടിക്ക്

### ടി.പി.വധക്കേസിലെ പ്രതികൾ ജയിലിൽ മൊബൈൽ ഫോൺ, ഇന്റർനെറ്റ്, മദ്യം എന്നിവ ഉപയോഗിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ കോഴിക്കോട് ജില്ലാ ജയിലിൽ മൊബൈൽ ഫോൺ, ഇന്റർനെറ്റ്, മദ്യം എന്നിവ ഉപയോഗിച്ചത് കണ്ടെത്തിയ സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | എ) കുറ്റക്കാർക്കെതിരെ കോഴിക്കോട് സിറ്റി കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 675/13 u/s 86 (1) (2) (3) of Kerala Prisons & Correctional Services Management Act പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| ബി) ഉദ്യോഗസ്ഥർക്ക് പുറമെ, ജയിലിന് പുറത്തുനിന്നുള്ള ആരെയെങ്കിലും ഈ കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യുകയോ നിയമ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; | ബി) നിലവിൽ ഉദ്യോഗസ്ഥരല്ലാത്ത 23 പേരെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ? | സി) പ്രസ്തുത കേസിന്റെ അന്വേഷണത്തിൽ കോഴിക്കോട് ജില്ലാ ജയിലിൽ കഴിഞ്ഞുവരുന്ന മുഹമ്മദ് ഷാഫി (RP No. 5530), രജീഷ് തൊണ്ടിക്കണ്ടി @ ടി.കെ. (RP No. 5482) സുനിൽ കുമാർ എം.കെ. @ കൊടി സുനി (RP No. 5929) മനോജ് കുമാർ @ കിർമാണി മനോജ് (RP No. 5531) കെ.ഷിനോജ് കുമാർ (RP No. 5350) രജിത്ത്.പി. (RP No. 5644) എന്നിവർ അന്വേഷണത്തിൽ കുറ്റം ചെയ്തതായി വെളിവായിട്ടുള്ളതിനാൽ അവർക്കെതിരെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ